# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.441

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി വഴി പൂർത്തീകരിച്ച പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.ജെ. മാക്സി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ; | 553.97 കോടി രൂപയുടെ 13 ഉപ പദ്ധതികൾ /ഘടകങ്ങൾ നാളിതുവരെ പൂർത്തിയായിട്ടുണ്ട്. |
| (ബി) നിലവിൽ കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികളാണ് പ്രവർത്തന ഘട്ടത്തിലുള്ളതെന്ന് വിശദമാക്കാമോ; | 14176.50 കോടി രൂപയുടെ പദ്ധതികളാണ് പ്രവർത്തന ഘട്ടത്തിലുള്ളത്. |
| (സി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണത്തിനായി മസാല ബോണ്ടിന് പുറമേ മറ്റെന്തെല്ലാം ബോണ്ടുകൾ പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഓരോ ബോണ്ടുവഴിയും എത്ര രൂപ വീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | നിലിവിൽ മസാല ബോണ്ടിനു പുറമെ മറ്റു ബോണ്ടുകൾ പുറപ്പെടുവിക്കാൻ കിഫ്ബിയുടെ ബോർഡു തലത്തിൽ തീരുമാനം എടുത്തിട്ടില്ല. പദ്ധതി ചെലവിനായി പണം ആവശ്യമാകുന്ന മുറയ്ക്ക് അനുയോജ്യമായ മാർഗ്ഗത്തിലൂടെ പണം സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) പ്രവാസി ചിട്ടിപ്പണം സ്ഥിര നിക്ഷേപമാക്കിയ വകയിൽ എത്ര രൂപ കിഫ്ബി ബോണ്ട് ആക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ? | പ്രവാസി ചിട്ടി പണം സ്ഥിരനിക്ഷേപമാക്കിയ വകയിൽ 45 കോടി രൂപയുടെ ബോണ്ട് കെ.എസ്.എഫ്. ഇ ക്കായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുൾപ്പെടെ കെ.എസ്.എഫ്.ഇ ക്കായി ആകെ 63.318 കോടി രൂപയുടെ ബോണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. |

ജോയിന്റ് സെക്രട്ടറി